മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇതു സംബന്ധിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടകിൽ താമസമാക്കിയിട്ടുള്ള കേരളീയരായ എല്ലാവരുടേയും ജീവനും സ്വത്തിനും പൂർണ്ണസംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് 12-3-1986-ൽ കർണ്ണാടക മുഖ്യമന്ത്രിക്ക് സന്ദേശമയയ്ക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തിരമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവണമെന്ന് കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിയോടും ആവശ്യപ്പെടുകയുണ്ടായി. ആ പ്രദേശത്തുള്ള എല്ലാവരുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനു വേണ്ട എല്ലാ നടപടികളും കൈക്കൊള്ളുന്നതാണെന്ന് കർണ്ണാടക മുഖ്യമന്ത്രിയുടെ ഉറപ്പും ലഭിക്കുകയുണ്ടായി.

ആയുർവേദ ബിരുദ-ബിരുദാനന്തര പഠനം

* 120. [125] ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ബിരുദാനന്തര പഠനവും, ബിരുദ പഠനവും ഒരു യൂണിറ്റിൻ കീഴിൽ പ്രവർത്തിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ, ബി) അണ്ടർ ഗ്രാഡ്വേറ്റ് പഠന സൗകര്യമുള്ളിടത്തു മാത്രമേ ബിരുദാനന്തര പഠനം ഏർപ്പെടുത്താവൂ എന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി, ഡി) ഇക്കാര്യം സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിനുമായി ആലോചിച്ചുവരികയാണ്.

കെ. ടി. ഡി. സി. യിലെ നിയമനങ്ങൾ

* 121. [126] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. യിൽ പൊതുവിജ്ഞാപനം നടത്തി ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന നടപടി സ്വീകരിക്കാമോ ;

(ബി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും കാറ്ററിംഗ് പഠിച്ചവർക്ക് കെ. ടി. ഡി. സി. യിൽ നിയമനത്തിൽ മുൻഗണന കൊടുക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കെ. ടി. ഡി. സി. യിൽ പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരിധിയിൽപ്പെടുന്ന തസ്തികകളിലേക്ക് പി. എസ്. സി. വിജ്ഞാപനം മുഖേനയാണ് നിയമനം നടത്തുന്നത്. മറ്റ് തസ്തികയിൽ ഒഴിവുണ്ടാകുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ചും പത്രങ്ങളിൽ വിജ്ഞാപനം നടത്തിയും നിശ്ചിത നടപടിക്രമമനുസരിച്ച് നിയമനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാറ്ററിംഗുമായി ബന്ധപ്പെട്ട തസ്തികകളിലേക്ക് നിയമനം നടത്തുന്ന അവസരത്തിൽ, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും നിർദ്ദിഷ്ട ട്രേഡുകളിൽ സർട്ടിഫിക്കേറ്റ് ലഭിച്ചിട്ടുള്ളവർക്ക് മുൻഗണന നൽകുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

മന്ത്രിമാർക്ക് കോടതി സമൻസ്

* 122. [127] ശ്രീ. കെ. ടി. കുണാരൻ :
,, വി. കെ. രാജൻ :
,, പി. സുകുമാരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 മാർച്ച് 11-ാം തീയതിവരെ, മന്ത്രിമാരോട് കോടതികളിൽ ഹാജരാകാൻ ആവശ്യപ്പെട്ട സമൻസ് വന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മന്ത്രിമാർക്കാണ് സമൻസ് ലഭിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം കേസുമായി ബന്ധപ്പെട്ടാണ് കോടതികളിൽ ഹാജരാകാൻ ആവശ്യപ്പെട്ട് സമൻസ് ലഭിച്ചിട്ടുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) സാമൂഹ്യവികസന വകുപ്പുമന്ത്രി ശ്രീ. പി. കെ. വേലായുധൻ.

(സി) തിരുവനന്തപുരം മുൻസിഫ് കോടതിയിലെ ഒരു കേസുമായി ബന്ധപ്പെട്ടാണ് സമൻസ് കിട്ടിയത്.

മൽസ്യത്തൊഴിലാളികൾക്കായി സഹകരണ സംഘങ്ങൾ

* 123. [128] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾക്കായി കായലോര കടലോര മേഖലകളിൽ മുൻ ഗവൺമെന്റ് എത്ര സഹകരണ സംഘങ്ങൾവീതം രൂപീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു ;

(ബി) ഇതിനകം എത്ര സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് ;

(സി) രൂപീകരിച്ച സംഘങ്ങൾ പ്രവർത്തിക്കുന്നതിനായി എത്ര സംഖ്യ 1986 മാർച്ച് മാസംവരെ അനുവദിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കടലോര മേഖലയിൽ 225 മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങളും കായലോര മേഖലയിൽ 107 മൽസ്യത്തൊഴിലാളിക്ഷേമ സംഘങ്ങളും രൂപീകരിക്കുവാൻ തീരുമാനിച്ചിരുന്നു.

(ബി) കടലോര മേഖലയിൽ 222 മൽസ്യത്തൊഴിലാളിക്ഷേമ സംഘങ്ങളും കായലോര മേഖലയിൽ 21 മൽസ്യത്തൊഴിലാളിക്ഷേമ സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly